" ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു"
(യോഹ:14:6)

# ജീവ വഴി

Malayalam

SERVE SAVE SECURE
THE LIVING WAY MINISTRIES



www.thelivingway.in

Volume 12 I Issue 32 I May 2021

# EDITORIAL BOARD

*Publication Director*
Pr. LIVINGSTON ZECHARIAH

*Chief Editor*
Sis. BINCY LIVINGSTON

*Team*
Pr. JOANSON ZACHARIYA
Pr. DANIEL P.S.
Pr. BIJU KOSHY
Bro. JOHN K. ALEXANDER
Bro. JOHN P. ANTONY
Bro. IMMANUEL MANI
Bro. BALASUNDARAM
Sis. MEENA AMUTHAN
Sis. SOPHIE VARUGHESE
Sis. SUSAN SARAH GEORGE
Sis. SHARINE J.

*Computer Designing*
ANON GRAPHIX
Chembur

*Printing*
BHANDUP OFFSET

*Publisher*
THE LIVING WAY MINISTRIES
Mumbai - 400 078.


## ഉള്ളടക്കം


മനസു തുറന്ന് നിങ്ങളോട് .......... 3
ദൈവത്തിന്റെ തിരഞ്ഞെടുപ്പ് ..... 4
എഴുതാം നല്ലതൊന്ന് .................. 7
ശ്രദ്ധേയരായ സ്ത്രീകൾ 19 ......... 8
ബൈബിൾ ക്വിസ് ...................... 9
പ്രതീക്ഷ തകർക്കുന്ന തലമുറ .... 13
മിഷണറി പ്രവർത്തനങ്ങൾ ......... 15



*Hear our new worship song*

♫ *AAVIYAANAVARE* ♫

YouTube

www.youtube.com/livingwayindia

**LIVINGWAY MEDIA**

LIKE | SHARE | SUBSCRIBE

For your Offerings & Donations ......
The Living Way Ministries
and Charitable Trust
A/c. No. 35061155727
(or) Livingston Zechariah
A/c. No. 10870977445
State Bank of India,
Bhandup Branch (0562), Mumbai.
IFS Code : SBIN0000562


## ചിന്താവിഷയം

"നമുക്കറിയുന്നത് ഒരു തുള്ളിയാണ്. നമ്മുക്കറിയാത്തത് ഒരു സമുദ്രമാണ്"

– ഐസക് ന്യൂട്ടൺ

# മനസു തുറന്നു നിങ്ങളോട്..........



കർത്താവായ യേശുക്രിസ്തുവിന്റെ നിസ്തുല്യനാമത്തിൽ സ്നേഹവന്ദനം.

''ഞാൻ എല്ലായ്പ്പോഴും അവന്നു പ്രസാദമുള്ളതു ചെയ്യുന്നതു കൊണ്ട് അവൻ എന്നെ ഏകനായി വിട്ടിട്ടില്ല'' (യോഹ. 8:29). കർത്താവായ യേശുക്രിസ്തു ശിഷ്യന്മാരോടു പറഞ്ഞ വാക്കുകളാണിത്. എത്രയോ അർത്ഥവത്തായ ലാവണ്യ വാക്കുകൾ !!

പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ തന്നെത്താൻ ഏൽപിച്ചു കൊടുത്ത മനുഷ്യപുത്രനാണ് യേശു. ലോകരക്ഷിതാവായി വന്ന യേശുവിന് ഒരു ഉറപ്പുണ്ടായിരന്നു. എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ട്. പിതാവിന്റെ ഹിതത്തിൽ നിന്നും വ്യതിചലിക്കാതെ അയച്ചവന്റെ ഇഷ്ടം ചെയ്തു. അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നെ എന്റെ ആഹാരമാണെന്ന അറിവ് കർത്താവിനുണ്ടായിരുന്നു. അതുകൊണ്ട് കർത്താവ് ചെയ്തിരുന്നതു പ്രാർത്ഥനയിലൂടെ പിതാവുമായി നിരന്തരമായ ഒരു ബന്ധം സ്ഥാപിക്കുക എന്നുള്ളതാണ്.

ദൈവവുമായിട്ടുള്ള നമ്മുടെ ബന്ധം ഇങ്ങനെയായിരിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ക്രിസ്തുവിന് പിതാവുമായി സമ്പർക്കം ഉണ്ടായിരുന്നതുപോലെ നമ്മുക്കും കർത്താവുമായി സമ്പർക്കം ഉണ്ടാകണമെങ്കിൽ, പ്രസാദമുണ്ടാകണമെങ്കിൽ നിരന്തരമായ ബന്ധം ഉണ്ടാകണം. ആ ബന്ധം പ്രാർത്ഥനയിലൂടെ, ഉപവാസത്തിലൂടെ, ആരാധനയിലൂടെ സ്ഥാപിക്കപ്പെടണം. അത്തരത്തിൽ ബന്ധം സ്ഥാപിച്ചിരിക്കുന്നവർക്ക് പറയാൻ കഴിയും കർത്താവ് എന്നെ ഏകനായി വിടുകയില്ല. അവർക്ക് ഉറപ്പുണ്ടായിരിക്കും.

വർദ്ധിച്ചു വരുന്ന കോവിഡ് എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു ദൈവപൈതൽ മനസ്സിലാക്കേണ്ടത് ഈ ലോകം ശാശ്വതമല്ല, ലോകമോഹങ്ങൾക്കും അതിന്റെ ആഗ്രഹത്തിനും വേണ്ടി ഓടിയതു മതി. ഇനിയും ജീവിതം വ്യർത്ഥമാക്കരുത്. യേശുക്രിസ്തുവിന്റെ വരവ് അതിവേഗം സംഭവിക്കും. അന്ന് കൈവിടപ്പെട്ടു പോകാനിടയാകരുത്. എല്ലായ്പ്പോഴും കർത്താവിന് പ്രസാദമുള്ളതു ചെയ്തു മുന്നോട്ടു പോകുക. കർത്താവിനും പ്രസാദമുള്ളതു ചെയ്തു. മുന്നോട്ടു പോകുക. കർത്താവിനു പ്രസാദമുള്ളതു ചെയ്യുന്നവരെ ഈ ലോകജീവിതത്തിൽ അവൻ ഏകനായി വിടുകയില്ല. അതേ, ജീവവഴി വായനക്കാർ ഏവർക്കും സർവ്വശക്തനായ ദൈവത്തിങ്കൽ നിന്നും കൃപയും സമാധാനവും ഉണ്ടാകുമാറാകട്ടെ. ആമേൻ.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ

**ലിവിംഗ്സ്റ്റൻ സഖറിയ**

0 93245 59533
pastorzlivingston@gmail.com

# ദൈവത്തിന്റെ തിരഞ്ഞെടുപ്പ്

**Pastor Livingston Zechariah**

ദൈവത്തിന്റെ തെരഞ്ഞെടുപ്പ് എന്നു പറയുന്നത് എന്താണ് ? ദൈവം തെരഞ്ഞെടുക്കുന്നത് ആരെയാണ് ? ഏതു ഗുണഗണങ്ങളുടെ അടിസ്ഥാനത്തിലാണ് ദൈവം മനുഷ്യനെ തെരഞ്ഞെടുക്കുന്നത്? എപ്പോഴാണ് തെരഞ്ഞെടുക്കുന്നത്? എന്തിനുവേണ്ടി തെരഞ്ഞെടുക്കുന്നു? ദൈവത്തിന്റെ തെരഞ്ഞെടുപ്പും മനുഷ്യന്റെ തെരഞ്ഞെടുപ്പും തമ്മിലുള്ള വ്യത്യാസം എന്താണ് ? ഇത്യാദി ചോദ്യങ്ങൾ ഉന്നയിച്ചാൽ ഒരു വ്യക്തിയെക്കുറിച്ചുള്ള ദൈവീക പദ്ധതി എന്താണെന്ന് തിരുവചനം വ്യക്തമാക്കും.

മനുഷ്യന്റെ തെരഞ്ഞെടുപ്പിന്റെ അളവുകോൽ എന്നു പറയുന്നത്, യോഗ്യതയും ഗുണഗണങ്ങളുമാണ്. അതായത് സമ്പത്ത്, ആരോഗ്യം, സൗന്ദര്യം, വിദ്യാഭ്യാസം അങ്ങനെ പല ഘടകങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും. പക്ഷെ ഈ തെരഞ്ഞെടുപ്പ് യോഗ്യതയുടെ അടിസ്ഥാനത്തിൽ എന്നു പറയുമ്പോൾ തന്നെ ഒരു വ്യക്തിയുടെ ചിന്താഗതി മറ്റൊരാളിൽ നിന്നും വ്യത്യസ്ഥമായിരിക്കും. എന്തു തന്നെയായിരുന്നാലും ദൈവീക തെരെഞ്ഞെടുപ്പിനും മാനുഷീക തെരഞ്ഞെടുപ്പിനും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

## ദൈവത്തിന്റെ തെരഞ്ഞെടുപ്പിലെ ഏറ്റവും വലിയ പ്രത്യേകത

**1) ഒരുവൻ ജനിക്കുന്നതിനു മുമ്പെ ദൈവം അവനെ തെരഞ്ഞെടുക്കുന്നു.** അതായത് അവന്റെ യോഗ്യതയോ മാനുഷീക ഗുണഗണങ്ങളുടെയോ അടിസ്ഥാനത്തിലല്ല. ഉദാഹരണമായി ''നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു; നീ ഗർഭപാത്രത്തിൽ നിന്നു പുറത്തു വന്നതിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജാതികൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു (യിര. 1:4-5). യഹോവ എന്നെ ഗർഭം മുതൽ വിളിച്ചു; എന്റെ അമ്മയുടെ ഉദരത്തിൽ ഇരിക്കയിൽ തന്നെ എന്റെ പേർ പ്രസ്ഥാവിച്ചിരിക്കുന്നു (യെശ. 49:1). കൂടാതെ ദൈവഭക്തന്മാരെ തെരഞ്ഞെടുത്ത മറ്റ് അനേക വേദഭാഗങ്ങളും കാണാൻ കഴിയും (യെശ. 43:1, ലൂക്കോ. 1:14).

**2) മനുഷ്യന്റെ ദൃഷ്ടിയിൽ ഉപയോഗ ശൂന്യർ എന്ന് മുദ്രകുത്തുന്നവരെ ദൈവം തെരഞ്ഞെടുത്തു.**

വലിയൊരു ദൗത്യനിർവ്വഹണത്തിനായാണ് മോശെ ജനിച്ചതു തന്നെ. മോശെ വാക്സാമർത്ഥ്യമില്ലാത്തവനും തടിച്ച നാവുള്ളവനുമാണെന്നും വലിയൊരു സംഘത്തെ നടത്താൻ തക്കതായ കഴിവില്ലെന്നും മോശെ ദൈവത്തോടു തന്നെ പറയുന്നുണ്ട് (പുറ. 4:10). ആടുകളെ മേയ്ക്കുവാൻ മാത്രം കൊള്ളാവുന്ന

വനാണെന്ന് ദാവീദിനെക്കുറിച്ച് പിതാവും സഹോദരന്മാരും വിചാരിച്ചു എങ്കിലും ദൈവം ദാവീദിൽ കണ്ടത് രാജത്വമായിരുന്നു (1 ശമു. 16:1). പുതിയ നിയമത്തിൽ വിദ്യാഭ്യാസമില്ലാത്ത സാധാരണക്കാരാണ് ശിഷ്യന്മാർ എന്ന് അന്നത്തെ സമൂഹം മുദ്രകുത്തിയെങ്കിലും ലോകത്തെ മുഴുവൻ ഇളക്കി മറിച്ച, ക്രിസ്ത്യാനികൾ എന്ന നാമകരണം ചെയ്യപ്പെട്ട ശിഷ്യന്മാർ സുവിശേഷത്തിന്റെ ഭാഗവാക്കുകളായി മാറി.

ഇങ്ങനെ പ്രത്യേക ഉദ്ദേശ്യത്തിനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ ചരിത്രം വിശുദ്ധ വേദപുസ്തകത്തിൽ എടുത്തു കാണിച്ചിരിക്കുന്നത് നമ്മോടുള്ള ദൈവത്തിന്റെ പദ്ധതിയെക്കുറിച്ച് നമ്മെ മനസ്സിലാക്കാനാണ്. അദ്ദേഹത്തിന്റെ ജീവിതഘട്ടങ്ങൾ നമുക്ക് പരിശോധിക്കാം.

**3. ബഹുജനത്തിന് രക്ഷ വരുത്തുവാൻ ദൈവം തെരഞ്ഞെടുത്തു**

വിശുദ്ധ വേദപുസ്തകത്തിൽ ദൈവത്താൽ ഉയർത്തപ്പെട്ടവരെല്ലാം തന്നെ സാധാരണക്കാരായിരുന്നു. ഉൽപത്തി 41:42-43 ൽ **''ഫറവോൻ തന്റെ കയ്യിൽ നിന്ന് മുദ്രമോതിരം ഊരി യോസഫിന്റെ കൈക്ക് ഇട്ടു, അവനെ നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു. ഒരു സ്വർണ്ണ സരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു. തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി''.**

സാധാരണക്കാരനായ യോസഫിന്റെ ജീവിതത്തിൽ ഇത് സംഭവിക്കാണമെങ്കിൽ അതിന്റെ പിന്നിൽ ഒരു പക്ഷെ നമ്മുക്ക് ഇഷ്ടപ്പെടാത്ത വലിയ ഒരു ചരിത്രമുണ്ട്. അനേക നാളുകളുടെ പ്രാർത്ഥനയുടെയും കണ്ണുനീരിന്റെയും നിറവിൽ ദൈവം യാക്കോബിനും റാഹേലിനും കൊടുത്ത, റാഹേലിന്റെ നിന്ദ നീക്കിക്കളഞ്ഞ ആദ്യത്തെ സന്തതി. യാക്കോബിന്റെ ഇഷ്ടപുത്രൻ (ഉൽപ. 30:23-24).

**ഈ യോസഫിന്റെ ജീവിതഘട്ടങ്ങളെ മൂന്നായി തരം തിരിച്ച് പഠിക്കാം.**

1. ജനനം മുതൽ മിസ്രയീമിൽ എത്തുന്നതു വരെയുള്ള ഒന്നാം ഘട്ടം. ഇത് തോൽവിയുടെ ഘട്ടമായിരുന്നു (ഉൽപ. 30:22 - 37:36).

2. മിസ്രയീമിൽ എത്തുന്നതു മുതൽ അധികാരത്തിലെത്തുന്നതിനു മുമ്പുവരെ. ഇതു പരിശീലനഘട്ടമായിരുന്നു. (ഉൽപ. 39:1-41:36).

3. ഭരണാധികാരിയായിത്തീർന്നതു മുതൽ മരണം വരെ. ഇത് വിജയ ഘട്ടമായിരുന്നു (ഉൽപ. 41:37, 56:26)

ഒന്നാം ഘട്ടത്തിൽ നിന്നും രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിച്ചപ്പോൾ അൽപം ആശ്വാസം ലഭിക്കുമെന്ന് യോസഫ് കരുതിക്കാണും. കാരണം ഒന്നാം ഘട്ടത്തിൽ സംഭവിച്ചത് അവന്റെ ജീവിതത്തിന് ഭയാനകമായ അവസ്ഥയാണ്. അപ്പന്റെ ഇഷ്ടപുത്രൻ അങ്കിയും ധരിച്ച് പോയപ്പോൾ കിണറ്റിന്റെ ആഴത്തിലേക്ക് വലിച്ചെറിയപ്പെടുന്നു. അടിമക്കച്ചവടം മൂലം മറ്റൊരു വസ്ത്രം ധരിച്ച് മിസ്രയീമിൽ എത്തുന്നു. രണ്ടാം ഘട്ടത്തിൽ തന്നെ തന്റെ കഴിവ് തെളിയിക്കപ്പെട്ടുവെങ്കിലും ചെയ്യാത്ത കുറ്റത്തിനു വീണ്ടും കാരാഗ്രഹത്തിലേക്ക്. ഇവയൊക്കെ അനുഭവിക്കേണ്ടി വന്നത് ഒരു സ്വപ്നം കണ്ടതിന്റെ പേരിലാണ്. എന്നാൽ അവൻ സ്വപ്നം കണ്ടപ്പോൾ പൊട്ടക്കിണറ്റിൽ വീഴേണ്ടി വന്നുവെങ്കിലും രാജാവിനെ ദൈവം സ്വപ്നം കാണിച്ച് കാരാഗ്രഹത്തിൽ നിന്നും പുറത്തെടുത്തു. അതേ പ്രിയരെ,

നിന്നെ ഉയർത്തുവാൻ ദൈവം ചില സ്വപ്നം മറ്റുള്ളവരെ കാണിക്കും. എന്നും തകർച്ചയല്ല നിങ്ങളുടെ ജീവിതം. ദൈവം ഉയർത്താനാഗ്രഹിച്ചാൽ ആർക്കും തടസ്സം നിൽക്കാൻ കഴികയില്ല.

രണ്ടാം ഘട്ടം എന്ന പരിശീലന ഘട്ടത്തിൽ നിന്നും ഒരു കുതിച്ചു ചാട്ടം ആയിരുന്നു യോസഫിന്റെ ജീവിതത്തിൽ സംഭവിച്ചത്. പരിശീലന ഘട്ടം പൂർത്തിയാക്കിയവനെ വിജയഘട്ടം എന്ന മൂന്നാംഘട്ടം കാത്തിരിക്കയായിരുന്ന്. മൂന്നാം ഘട്ടത്തിലെത്തിയപ്പോൾ രാജാവ് തന്റെ മുദ്രാമോതിരം ഊരി യോസഫിന്റെ കൈക്ക് ഇടുവിച്ചു. ഇതു സംഭവിക്കുവാൻ ചില കാലതാമസം നേരിടേണ്ടി വന്നു. ദൈവം ഒരുവനെ ഒരു പ്രത്യേക ദൗത്യ നിർവ്വഹണത്തിനായി തെരഞ്ഞെടുത്താൽ ചില പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരാം. പക്ഷെ അന്ത്യമോ വിജയമായിരിക്കും.

യോസഫിന്റെ ജീവിതം പരിശോധിച്ചാൽ നമ്മുടെ ജീവിതത്തിലും തെരഞ്ഞെടുപ്പിന്റെ പൂർത്തീകരണത്തിലേക്ക് എത്തുവാൻ ചില ഘട്ടങ്ങൾ ഉണ്ടെന്നു മനസ്സിലാക്കാം. ഇതിൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ആയിരിക്കുന്നത് എന്നു പരിശോധിച്ച് ഒന്നാം ഘട്ടമാണെങ്കിലും ഇനിയും പരിശീലനഘട്ടം ഉണ്ടെന്ന് മനസ്സിലാക്കുക. രണ്ടാം ഘട്ടമായ പരിശീലന ഘട്ടമാണെങ്കിൽ വേഗത്തിൽ പരിശീലനം പൂർത്തിയാക്കി മൂന്നാം ഘട്ടത്തിലേക്ക് ദൈവം കൊണ്ടെത്തിക്കാൻ പോകയാണ് എന്ന് വിശ്വസിച്ച് ഒരുങ്ങുക. കാരണം മുദ്രമോതിരം ധരിപ്പിക്കപ്പെടുന്നു, സ്വർണ്ണസരപ്പളി അണിയിക്കപ്പെടുന്ന മൂന്നാംഘട്ടം എത്തിക്കഴിഞ്ഞു.

യോസഫ് തെഞ്ഞെടുക്കപ്പെട്ടവനാണെങ്കിലും ചില കഷ്ടതകളിലൂടെ യാത്ര ചെയ്യേണ്ടി വന്നു. പക്ഷെ തെരഞ്ഞെടുത്തവൻ കർത്താവായതുകൊണ്ട് എപ്പോഴും കൂടെയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ പോകുന്നയിടത്തെല്ലാം കൃതാർത്ഥനായിത്തീർന്നു.

ഈ കഷ്ടതയെല്ലാം എന്തിനു വേണ്ടിയായിരുന്നു എന്ന് വേദപുസ്തകം വ്യക്തമാക്കുന്നുണ്ട്. ഉൽപ 5:20 ‘‘ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിന്നത്രേ.’’ പ്രിയ സഹോദരങ്ങളെ ഒരു പക്ഷെ നിങ്ങളുടെ ജീവിതത്തിലും ഘട്ടം ഘട്ടമായ പരാജയങ്ങൾ സംഭവിക്കാം. എന്നാൽ ദൈവത്തിന് നിങ്ങളെക്കൊണ്ട് വ്യക്തമായ പദ്ധതിയുണ്ട് എന്ന് മനസ്സിലാക്കുക. നിങ്ങളെ തെരഞ്ഞെടുത്തത് അസാധാരണമായ ചില കാര്യങ്ങൾ ചെയ്യുവാനാണ്.

ഒന്നാം ഘട്ടം യോസഫ് അപ്പന്റെ ഓമനപുത്രനായിരുന്നുവെങ്കിൽ കാരാഗ്രൃഹവാസിയായ അടിമയായിരുന്നു രണ്ടാംഘട്ടം. പക്ഷെ എന്നും അടിമയായിരിക്കാൻ ദൈവം സമ്മതിക്കയില്ല എന്നു തെളിയിക്കും വിധം മൂന്നാം ഘട്ടമായ വിജയഘട്ടത്തിൽ യോസഫ് എല്ലാവരാലും മാനിക്കപ്പെട്ടു. അതുപോലെ തന്നെ നിങ്ങളുടെ ജീവിതത്തിലും ചില പരാജയങ്ങൾ ഒക്കെ കടന്നു വരാം. പക്ഷെ എന്നും പരാജയമല്ല അനേകർക്ക് ജീവരക്ഷ വരുത്തുവാൻ ദൈവം നിങ്ങളെ പ്രത്യേക ഉദ്ദേശത്തോടു കൂടെ തെരഞ്ഞെടുത്തിരിക്കയാണ്. കർത്താവ് കൂടെയുണ്ട് എന്ന ഉറപ്പുവരുത്തി കഷ്ടതയിലും സഹിഷ്ണുത കാണിച്ച് തെരഞ്ഞെടുപ്പിന്റെ ശ്രേഷ്ഠത മനസ്സിലാക്കി മുന്നോട്ടു പോകുക. നിങ്ങളെക്കുറിച്ച് ദൈവത്തിന് വ്യക്തമായ പദ്ധതികളുണ്ട്. അനേകർക്ക് ജീവരക്ഷ വരുത്തുക. ഏതു ഘട്ടത്തിലും കർത്താവ് നിങ്ങളോടു കൂടെയുണ്ട്.

# എഴുത്താം നല്ലതൊന്ന്



ബിനു ജോസഫ് വടശ്ശേരിക്കര

Tomorrow is the first blank page of a 365 page book. Write a good one.

പുതുവർഷം എത്തി മൂന്നു മാസം പിന്നിടുന്നു. കൊറോണ ഭീതി വിതച്ച 2020 ൽ നിന്ന് 2021 ലേക്കുള്ള യാത്ര അത്ര ആയാസരഹിതമായിരുന്നില്ല. എന്തായാലും നാം സുരക്ഷിതരായി എന്നതിൽ ദൈവത്തിന് നന്ദി അർപ്പിക്കാം.

ഒരു പുതിയ നോട്ട് ബുക്ക് പോലെ ഈ വർഷം തുറക്കപ്പെടുമ്പോൾ അതിൽ എന്തെഴുതണം എന്ന് സ്വയം തീരുമാനിക്കണം. ചിലർ പേജുകളിൽ കുത്തി കോറിയിട്ടു കളയും. മറ്റു ചിലർ പേജുകൾ പറിച്ച് ബുക്കിനെ നശിപ്പിക്കും. എന്നാൽ വേറെ ചിലർ അതിൽ ഭംഗിയായി എഴുതും. അതു മറ്റുള്ളവർക്ക് പ്രോത്സാഹനവും ഉത്തേജനവും പകരും. ചിലർ ഒന്നും എഴുതാതെ അതിനെ മാറ്റിവയ്ക്കും.

### വിദ്വേഷമില്ലാത്ത ദിനങ്ങൾ

ആരോടും പിണക്കവും വിദ്വേഷവും പുലർത്താതെ സ്നേഹത്താൽ ക്ഷമയിൽ വ്യക്തികളെ നേടാം. ഈ ജീവിതത്തിൽ ക്ഷമിക്കാൻ കഴിയാത്തതായി ഒന്നുമില്ല. കല്ലറയിലേക്ക് വിദ്വേഷവുമായി പോകരുത്. സ്നേഹം ലംഘനങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു എന്ന് സദൃശ്യവാക്യം ഓർമ്മിപ്പിക്കുന്നു.

### മടിയും അലസതയും വെടിയാം

മടിയന്റെ മനസ്സ് എക്കാലത്തും പിശാചിന്റെ പണിപ്പുരയാണ്. മടിയന്മാർ എപ്പോഴും ഒഴികഴിവുകൾ കണ്ടെത്തുന്നു. എല്ലാറ്റിനും മുടന്തൻ ന്യായങ്ങൾ ഉന്നയിക്കുന്നു. ഇന്ന് ചെയ്തു തീർക്കേണ്ടത് നാളത്തേക്ക് മാറ്റി വയ്ക്കുന്നു. ഓരോ ദിനവും നമ്മുടെ ജീവിതത്തിന്റെ അവസാന ദിനമായി കാണുക എന്നത് ജീവിതത്തിന്റെ മുഖവാക്യമായി എടുക്കുക.

### സഹായങ്ങളും ഉപകാരങ്ങളും മറക്കരുത്

പരസ്പര സഹായം ആണ് നമ്മുടെ ജീവൻ നിലനിർത്തുന്നത്. എല്ലാ ദിനവും നമുക്കാവും വിധം ഉപകാരികളാകാം. സഹായിക്കാനുള്ള വരം ക്രിസ്തീയതയുടെ ഭാഗമാണ്. പരോപകാരം ആത്മീക ഫലത്തിൽ ഒന്നാണ്.

യാങ്കൽ (Yankel) എന്ന യഹൂദ കച്ചവടക്കാരൻ എപ്പോഴും പറയുന്ന ഒരു അനുഭവമുണ്ട്. ഒരിക്കൽ നാസി തീവ്രവാദികൾ തന്നെ തണുപ്പുള്ള ഒരു രാത്രിയിൽ ട്രെയിൻ വാഗണിൽ കയറ്റി എവിടെയോ കൊണ്ടു നിർത്തിയിട്ടു. തന്റെ സഹയാത്രികർ ആരെന്ന് തനിക്കറിയില്ല. കുത്തിയാ കാണാത്തത്ര ഇരുട്ട്. തന്റെ അടുത്ത് ഒരു വൃദ്ധന്റെ ഞരക്കം കേട്ടു. തണുത്ത് വിറങ്ങലിച്ച ആ വൃദ്ധനെ താൻ ചേർത്തിരുത്തി ശരീരമാസകലം തടവി ചൂട് നല്കി. രാത്രി – പ്രഭാതത്തിന് വഴി മാറിയപ്പോൾ താൻ കണ്ട കാഴ്ച ഞെട്ടിക്കുന്നതായിരുന്നു. ആ വാഗണിൽ ജീവനുള്ളതായി രണ്ടേ രണ്ടുപേർ യാങ്കലും ആ വൃദ്ധനും മാത്രം. ബാക്കിയുള്ളവർ തണുപ്പിൽ മരിച്ചിരിക്കുന്നു. ഇവർ ജീവിച്ചിരിക്കാൻ കാരണം ഒന്നു മാത്രം. താൻ ശരീരം തടവിയതിനാൻ വൃദ്ധനും നടക്കുന്നതിനാൽ തന്റെ ശരീരവും ചൂടായി, താനും ജീവിച്ചിരിക്കുന്നു.



# ശ്രദ്ധേയരായ സ്ത്രീകൾ ...19

സോദരി പംക്തി

**Mrs. Bincy Livingston**

വേദനാജനകമായ സാഹചര്യത്തിലൂടെ ജീവിതം നയിച്ചുകൊണ്ടിരിക്കവെ, ഒരു പൂവെന്ന പോലെ വാടി കൊഴിഞ്ഞ് അവസാനിക്കേണ്ടിയ മഗ്ദല മറിയക്ക് ക്രിസ്തുവിലൂടെ ലഭിച്ച വിടുതൽ അചഞ്ചലമായ സ്നേഹത്തിനുടമയാക്കി. വിട്ടുപിരിയുവാൻ കഴിയാതെ തന്റെ ജീവിതം മുഴുവൻ യേശുവിനു സ്വയമായി ഏൽപിച്ചു കൊടുത്തു. അതുകൊണ്ടു തന്നെ ഈ മറിയ ഒരു നിഴൽ പോലെ യേശുവിനെ അനുഗമിച്ചു.

വിശുദ്ധ വേദപുസ്തകത്തിൽ പല മറിയമാരെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. അവരിൽ പ്രധാനിയായിരുന്നവരിൽ ഒരുവളാണ് മഗ്ദല മറിയ.

**വേദപുസ്തകത്തിലെ മറിയമാർ**

1. യേശുവിന്റെ അമ്മ മറിയ (മത്താ. 1:16)
2. ബെഥാന്യയിലെ മറിയ (ലൂക്കോ. 10:39)
3. ക്ലെയോപ്പാവിന്റെ ഭാര്യ മറിയ (യോഹ. 19:25)
4. മർക്കൊസിന്റെ അമ്മ മറിയ (അ.പ്ര. 12:12-17)
5. മഗ്ദല മറിയ (ലൂക്കോ. 8:2)
6. റോമിലെ ഒരു വിശ്വാസി മറിയ (റോമ. 16:6).

മഗ്ദല മറിയ 'മഗ്ദല' എന്ന ഗ്രാമത്തിൽ നിന്നുള്ളവളായിരുന്നു. മഗ്ദല, ഗലീലാ കടലിന്റെ പടിഞ്ഞാറ് തീരത്ത് തിബെര്യാസ് പട്ടണത്തിന് വടക്ക് മൂന്നു മൈൽ അകലെയുള്ള ഗ്രാമമായിരുന്നു. ആ ഗ്രാമത്തിന്റെ പേരിലാണ് അവൾ അറിയപ്പെട്ടത്. മറിയയുടെ മതാപിതാക്കൾ ആരെന്ന് തെളിവുകളില്ല. എങ്കിലും സമ്പന്നയായിരുന്ന ഒരു സ്ത്രീ ആയിരുന്നു എന്നു കാണാവുന്നതാണ്. മഗ്ദല മറിയ ഏഴു ഭൂതം ബാധിച്ച സ്ത്രീ എന്ന് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു. ഏഴു ഭൂതങ്ങൾ സംഘടിതമായുള്ള ഉപദ്രവം ഈ സ്ത്രീക്ക് സഹിക്കാനാവുന്നതായിരുന്നില്ല. അതുകൊണ്ടു തന്നെയാണ് വിട്ടുപിരിയാൻ കഴിയാതെ യേശുവിനെ സ്നേഹിച്ചതും, അനുഗമിച്ചതും. എത്ര പ്രതിസന്ധി അനുഭവിക്കുന്നുവോ യേശു കർത്താവിനെ വിശ്വസിച്ചാൽ അവിടുന്നു തരുന്ന വിടുതലിന്റെ ആഴവും അത്ര വലുതായിരിക്കും. ആ വിലയേറിയ വിടുതലാണ് മഗ്ദല മറിയയെ അചഞ്ചലമായ സ്നേഹത്തിന് ഉടമയാക്കിത്തീർത്തത്. അതുകൊണ്ടു തന്നെ മറിയ യേശുവിനെ ഒരു നിഴൽ പോലെ അനുഗമിച്ചു. ആർക്കും പിരിക്കാൻ കഴിയാത്ത ഒരു ദൃഢമായ സ്നേഹബന്ധം!! ആ യേശുവിൻ സ്നേഹം എത്ര മാധുര്യം !! അത് മറിയ അനുഭവിച്ചറിഞ്ഞു.

**വിടുതൽ പ്രാപിച്ച മറിയ എന്താണ് ചെയ്തത് ? വിടുതൽ പ്രാപിച്ച നാം എന്തു ചെയ്യണം?**

**1. വസ്തുവക കൊണ്ട് ശുശ്രൂഷ ചെയ്തു (ലൂക്കോ. 8:1-3)**

മറിയക്കു ലഭിച്ച വിടുതൽ മുഖാന്തരം കർത്തൃശുശ്രൂഷയ്ക്കു ഭാഗവാക്കാകുവാൻ ഇടയായി. അവൾ യേശുവിനും ശിഷ്യന്മാർക്കും ശുശ്രൂഷ ചെയ്തു. കൃതജ്ഞതാപൂർവ്വമുള്ള സാമ്പത്തിക ദാനങ്ങൾ അക്കാലത്ത് യഹൂദാ റബ്ബിമാരും സ്വീകരിച്ചിരുന്നു. എന്നാൽ സ്ത്രീകളിൽ നിന്നും വാങ്ങുന്നത് മാനമായി എണ്ണിയിരുന്നില്ല. കൂടാതെ യെഹൂദാ റബ്ബിമാർ പൊതുസ്ഥലത്തുവെച്ച് തങ്ങളുടെ ഭാര്യമാരോടു പോലും സംസാരിക്കുകയില്ലത്രേ. എന്നാൽ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ലാതെ എല്ലാവരെയും സ്നേഹിക്കുകയും വിടുവിക്കുകയും ചെയ്യുവാൻ കർത്താവിനു കഴിഞ്ഞു. പ്രിയ ദൈവപൈതലേ, നിങ്ങൾ ക്രിസ്തുവിനാൽ വിടുവിക്കപ്പെട്ടവരാണോ? എങ്കിൽ നിശ്ചയമായും ദൈവവേലക്ക് കൊടുക്കേണ്ട ഉത്തരവാദിത്വമുണ്ട്.

**2. യേശുവിനെ ശുശ്രൂഷിച്ചുകൊണ്ട് അനുഗമിച്ചു (മത്താ. 27:55-56)**

യേശുവിനെ ശുശ്രൂഷിക്കുക എന്നതിനേക്കാളുപരി അനുഗമിക്കുന്ന മറിയയെ ഇവിടെ ദർശിക്കാവുന്നതാണ്. വിടുതൽ പ്രാപിച്ചശേഷം അവൾ യേശുവിനോടു കൂടെ യാത്ര ചെയ്തതുകൊണ്ട് പലർക്കും യേശു കൊടുത്ത സൗഖ്യത്തെക്കുറിച്ച് സാക്ഷ്യം പറഞ്ഞു കാണും. ഒരുപക്ഷേ മഗ്ദല മറിയയുടെ പേര് എല്ലായിടത്തും പ്രത്യക്ഷമായി പറഞ്ഞിരിക്കുന്നതുകൊണ്ട് ഒരു ലീഡറിനെപ്പോലെ അവൾ നിന്നുകൊണ്ട് തന്നോടൊപ്പം മറ്റു സ്ത്രീകളെയും അനുഗമിക്കുവാൻ ഉത്സാഹിപ്പിച്ചിരിക്കാം. എന്തു തന്നെയായിരുന്നാലും അവൾ ഉത്സുകയായിരുന്നു.

നമ്മോടുള്ള ദൈവത്തിന്റെ ആലോചനയാണ് മറിയയുടെ ജീവിതം. കാരണം യേശു ശിഷ്യരെ തെരഞ്ഞെടുക്കുമ്പോൾ യേശുവിനെ അനുഗമിക്കുവാൻ ആഹ്വാനം ചെയ്തു. പക്ഷെ, യാതൊരു ആഹ്വാനവുമില്ലാതെ സ്നേഹാ

## ബൈബിൾ ക്വിസ്

നിങ്ങളുടെ വേദജ്ഞാനം പരിശോധിക്കുക

### അർത്ഥങ്ങൾ (യഹോവയുടെ നാമങ്ങൾ)

1. അഡോണായ് =
2. യഹോവ - സിദെക്കെനു =
3. യഹോവ - ഏലോഹീം =
4. യഹോവ - ശബ്ബായോത്ത് =
5. യഹോവ - ഒഷേനു =
6. യഹോവ - നക്കാ =
7. യഹോവ - ശാലോം =
8. യഹോവ - ഏലിയോൺ =
9. യഹോവ - നിസ്സി =
10. യഹോവ - യിരേ =

ഉത്തരം 8-ാം പേജിൽ

ധികൃത്താൽ ക്രിസ്തുവിനെ ശുശ്രൂഷിക്കുവാനായി അനുഗമിച്ചുവെങ്കിൽ നാമും യേശുവിനെ അനുഗമിക്കുന്നതിൽ നിന്നും ഒഴിഞ്ഞിരിക്കരുത്. കാരണം നമ്മെ വിടുവിച്ച വിടുതലിന്റെ ആഴം വലുതാണ്. നാം യേശുവിനായി സാക്ഷിയാകേണം. ലഭിക്കുന്ന അവസരം ക്രിസ്തുവിനായി സേവ ചെയ്യുക. ആരുടെയും നിർബന്ധമില്ലാതെ തന്നെ !!!

**3. അനുഗമിച്ച സ്ത്രീകൾ ദൂരത്തു നിന്നു നോക്കിക്കൊണ്ടിരുന്നു (ലൂക്കോ. 23:49).**

യേശുവിനെ അനുഗമിച്ച പലരും ക്രൂശീകരണ സമയത്ത് യേശു അനുഭവിക്കുന്ന പീഢനങ്ങൾ കണ്ട് മാറത്തടിച്ച് കരഞ്ഞുകൊണ്ട് മടങ്ങിപ്പോയി. പക്ഷേ മഗ്ദല മറിയക്കും മറ്റു സ്ത്രീകൾക്കും മടങ്ങിപ്പോകാൻ മനസ്സില്ലാതെ യേശുവിനു വരുത്തിയ പങ്കപ്പാടുകൾ ദൂരത്തു നിന്നും നോക്കിക്കൊണ്ടിരുന്നു. യേശുവിന്റെ ഐഹിക ശുശ്രൂഷാ കാലത്ത് തനിക്കുവേണ്ടി ശുശ്രൂഷ ചെയ്ത കരങ്ങളത്രേ അവളുടെ കരങ്ങൾ. ഒരു തുള്ളി വെള്ളം നാവിൽ നനക്കുവാൻ കഴിയാതെ ചങ്ക് പിളർക്കുന്ന വേദനയിൽ ആ സ്ത്രീകളും നോക്കി നിന്നു. സാധാരണ ഒരു സ്ത്രീക്ക് താങ്ങാവുന്നതിനേക്കാൾ അപ്പുറമാണ് ക്രൂശിലെ മരണം.

ക്രിസ്തുവിനോടുള്ള നമ്മുടെ മനോഭാവം എന്താണ്? യേശുവിന്റെ ക്രൂശീകരണ കാഴ്ച കണ്ടുകൊണ്ട് നാം കരയേണ്ട. പ്രത്യുത എന്തിനുവേണ്ടി ക്രൂശിക്കപ്പെട്ടുവോ ആ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുവാനായി ചില പ്രവർത്തികൾ നാം ചെയ്യേണ്ടതായിട്ടുണ്ട്. എല്ലാവരും യേശുവിൽ നിന്നും വിട്ടുപോയാലും വിട്ടുപോകാൻ മനസ്സില്ലാത്തവരായിത്തീരണം നാം.

**4. കല്ലറ വാതിൽക്കലും മറിയ പോയി നോക്കിക്കണ്ടു (മർക്കോ. 15:4)**

കല്ലറക്കൽ സ്ത്രീകൾ പോകാറില്ല. ക്രൂശീകരണവും കല്ലറയുമൊക്കെ സാധാരണക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് കണ്ടു നിൽക്കാനാവുന്നതല്ല. മഗ്ദല മറിയ എല്ലാം കണ്ടശേഷം കല്ലറയും വന്നു കാണുകയാണ്. കാരണം അവളുടെ ഹൃദയം അടുത്ത പദ്ധതിക്ക് വഴിയൊരുങ്ങുകയായിരുന്നു. യെഹൂദാ ആചാരമനുസരിച്ച് സുഗന്ധവർഗ്ഗം പൂശേണ്ടത് ആചാരമാണ്. പക്ഷെ യേശുവിന്റെ ജീവിതം തന്നെ അനേകർക്ക് സുഗന്ധമായിരുന്നു. ഈ ആചാരം യേശുവിന് ലഭിച്ചിട്ടില്ല. അതുകൊണ്ട് വലിയൊരു പദ്ധതിയുമായി അവൾ മടങ്ങിപ്പോയി.

**5. സുഗന്ധവർഗ്ഗം വാങ്ങാൻ പോകുന്നു (മർക്കോ. 16:1)**

ഇവിടെ അനേക ചോദ്യങ്ങൾ ഉയർന്നുവരാം. യേശുവിനെ അടക്കിയ സ്ഥലവും (കല്ലറ) അവിടെ വെച്ചിട്ടുള്ള കല്ലും മറിയ കണ്ടതാണ്. അതു ഉരുട്ടി മാറ്റുവാൻ തങ്ങൾക്ക് കഴിയുന്നതല്ല എന്നും ആ സ്ത്രീകൾക്ക് അറിയാം. പിന്നെ എന്തിനാണ് മറിയ സുഗന്ധവർഗ്ഗം വാങ്ങാൻ പോകുന്നത്? മറ്റൊന്ന് സുഗന്ധവർഗ്ഗം കൊണ്ടുവന്ന് യേശുവിൻമേൽ പൂശേണ്ടതിന് അവർക്ക് അനുവാദം ലഭിക്കുമോ? ഇതൊക്കെ അവർക്ക് അറിയാവുന്ന കാര്യമാണെങ്കിലും

തടസ്സങ്ങളെക്കുറിച്ച് അവൾ ചിന്തിച്ചിട്ടില്ല. സ്നേഹാധിക്യം തടസ്സങ്ങളെ മറച്ചുകളഞ്ഞു. പ്രിയരെ, പലപ്പോഴും തടസ്സങ്ങളെ പഴിചാരി പുറത്തിറങ്ങാത്തവരാണ് പലരും. പോകുന്ന യാത്രയിൽ അവർ പറയുന്നുണ്ട് ആര് കല്ല് ഉരുട്ടി മാറ്റും. പക്ഷെ അവളുടെ സ്നേഹം ഹൃദയത്തിനു ധൈര്യം നൽകി.

യേശുവിനോട് (കല്ലറയിൽ) അടുക്കും തോറും യേശു തന്റെ ദൂതനെ കൽപിച്ചാക്കിയിരിക്കയായിരുന്നു. കല്ലു ഉരുട്ടി മാറ്റാൻ മഗ്ദലക്കാരിക്ക് കഴിയില്ലെന്ന് സ്നേഹവാനായ കർത്താവിനറിയാമായിരുന്നു. അതുകൊണ്ട് തന്നെ അവൾ യേശുവിനോട് അടുത്തപ്പോൾ പ്രതിസന്ധി വിടുതലായി മാറി. തനിക്കുവേണ്ടി ദൂതന്മാർ കല്ലുരുട്ടി മാറ്റിയിരിക്കുന്നു. പ്രിയരേ.... യേശുവിനോട് അടുക്കും തോറും വിടുതൽ നടന്നുകൊണ്ടിരിക്കും. പ്രതിസന്ധിയുണ്ടോ ജീവിതത്തിൽ...? യേശുവിനോട് അടുക്കുക. തന്റെ ദൂതനെ അയച്ച് കർത്താവ് വിടുതൽ തരും.

### 6. അതികാലത്തെ കല്ലറയിൽ എത്തി (ലൂക്കോ. 24:11)

ശബ്ബത്തു കഴിഞ്ഞയുടനെ അവർ പോയി സുഗന്ധവർഗ്ഗം വാങ്ങി. തലേദിവസം കല്ലറയിൽ എവിടെയാണ് വെച്ചതു എന്നു കണ്ടതാണ്. ശബ്ബത്തു ദിവസം ഒന്നും ചെയ്യാൻ സമ്മതിക്കില്ലെന്നും അറിഞ്ഞ മറിയ ശബ്ബത്തു കഴിഞ്ഞയുടനെ യാത്ര പുറപ്പെട്ടു, സുഗന്ധവർഗ്ഗം വാങ്ങി. അന്നു രാത്രി അവൾ ഉറങ്ങാതെ തനിക്കു പ്രിയനായവനെ കാണുവാൻ ഇരുട്ടുള്ളപ്പോൾ തന്നെ പുറപ്പെട്ടു. സൂര്യൻ ഉദിച്ചു പ്രകാശിക്കുന്നതിനു മുമ്പു തന്നെ കല്ലറക്കൽ എത്തണമെങ്കിൽ എത്ര നേരത്തെ അവർ ഇറങ്ങിത്തിരിച്ചിരിക്കണം !

ഈ പുറപ്പാടിൽ ആ സ്ത്രീ മറ്റൊന്നും ചിന്തിച്ചില്ല. വഴിയിൽ എന്തു സംഭവിക്കും എന്നു ചിന്തിച്ചില്ല. കാവൽക്കാർ ഇരുട്ടിൽ അകത്തു വിടുമോ എന്നു സംശയിച്ചില്ല. ആരെങ്കിലും ഉപദ്രവിക്കുമോ എന്നു പേടിച്ചില്ല. തങ്ങളുടെ വീടുകളിലുള്ള മറ്റുള്ളവർ എന്തു പറയും എന്ന് വിചാരിച്ചില്ല. ആഭ്യന്തര കലാപം നടന്നുകൊണ്ടിരിക്കുന്നതിനാൽ തങ്ങളുടെ പേരിൽ കുറ്റം ചുമത്തപ്പെടും എന്നും ഭയപ്പെട്ടില്ല. അവർ എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് കല്ലറയ്ക്കൽ എത്തി.

### 7. അവൾ യേശുവിന്റെ ശരീരം ചോദിക്കുന്നു (യോഹ. 20:15)

ഒരു സ്ത്രീയുടെ ചിന്താഗതി എത്തരത്തിലുള്ളതാണ് എന്ന് ഇവിടെ ചിന്തിക്കേണ്ടിയിരിക്കുന്നു. എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് കല്ലറക്കൽ എത്തി. കല്ലറക്കുള്ളിൽ കുനിഞ്ഞു നോക്കുമ്പോൾ ശബ്ബത്തിനു മുമ്പ് അവിടെ വെച്ച ശരീരം ഇപ്പോൾ അവിടെയില്ല. അവൾ വേദനയോടെ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ തനിക്കുവേണ്ടി കാത്തിരിക്കുന്ന മറിയക്ക് മുന്നിൽ ആദ്യം പ്രത്യക്ഷപ്പെട്ടു. ശവശരീരത്തിനു സുഗന്ധവർഗ്ഗം പൂശേണ്ടതിന് കടന്നുവന്നവൾക്കു മുമ്പിൽ സുഗന്ധമായി കർത്താവ് പ്രത്യക്ഷപ്പെട്ടു. യേശുവിനുവേണ്ടി തന്റെ സ്നേഹം പങ്കുവെച്ചതിന് യേശു മൂന്നാം നാൾ ആദ്യം അവൾക്കു പ്രത്യ

ക്ഷമായി. മറ്റാർക്കും ഉയർത്തെഴുന്നേറ്റ ശരീരം കാണിക്കുന്നതിനു മുമ്പായി തന്നെത്തന്നെ സ്നേഹിച്ചവൾക്കു യേശു വെളിപ്പെടുത്തി കൊടുത്തു.

പ്രിയരെ, സ്നേഹിച്ചവർക്കുവേണ്ടി സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന വാക്യത്തിന് തെളിവാണ് ഈ സംഭവം. ഭൂലോകം മുഴുവനുമുള്ള സകല വിശ്വാസികൾക്കും മുമ്പെ ക്രിസ്തുവിനെ കാണുവാനും സാക്ഷ്യം പറയുവാനും അവസരം ലഭിച്ചത് മഗ്ദല മറിയക്കാണ്. മറ്റാരേക്കാളും അധികം സ്നേഹിച്ചതുകൊണ്ട് മറ്റാർക്കും ലഭിക്കാത്ത സൗഭാഗ്യം മറിയക്കു ലഭിച്ചു. ആദ്യത്തെ സുവിശേഷ സാക്ഷി മറിയയത്രേ.

നമ്മുടെ ജീവിതത്തിലും മറിയയിൽ നിന്നും പഠിക്കേണ്ട അനേക കാര്യങ്ങളുണ്ട്. വിടുതൽ പ്രാപിച്ചവർ വിട്ടുപിരിയാതെ യേശുവിനെ അനുഗമിക്കണം സമ്പത്തുകൊണ്ട് ദൈവവേലക്കായി ചെലവിടേണം. നിഴൽപോലെ അനുഗമിച്ചു തടസ്സങ്ങളെ പിന്നിലേക്ക് തള്ളി മുന്നിലേക്കു പോക. സാഹചര്യം പിൻതിരിപ്പിക്കാൻ ശ്രമിക്കും. തടസ്സങ്ങളെ വലുതായി കാണരുത്. യേശുവിനെ കണ്ടെത്തിയ മറിയ ഓടിപ്പോയി ശിഷ്യന്മാരെ അറിയിച്ചതുപോലെ സുവിശേഷ സാക്ഷ്യവുമായി ഓടാം. അനേകരെ യേശുവിങ്കലേക്ക് ആനയിക്കാം. ദൈവം സഹായിക്കട്ടെ. ●

## ബൈബിൾ ക്വിസ് ഉത്തരങ്ങൾ

1. യജമാനൻ, കർത്താവ്
2. യഹോവ നമ്മുടെ നീതി (യിര. 23:6)
3. യഹോവ നമ്മുടെ ദൈവം (സങ്കീ. 95:5,8,9)
4. സൈന്യങ്ങളുടെ യഹോവ (1 ശമു. 1:3)
5. യഹോവ എന്റെ നിർമ്മാതാവ് (സങ്കീ. 95:6)
6. യഹോവ നിന്നെ നടത്തുന്നു (യെശ. 58:1)
7. യഹോവ എന്റെ സമാധാനം (ന്യായാ. 6:24
8. യഹോവ അത്യുന്നതൻ (സങ്കീ. 7:17,99:9)
9. യഹോവ എന്റെ കൊടി (പുറ. 17:15)
10. യഹോവ കരുതിക്കൊള്ളും (ഉൽപ. 22:1)

ASSEMBLIES OF GOD
We Prayerfully Invite You & Your Family
To Join Our Congregation
LIVING WAY A.G. CHURCH
14/1, Sunita Estate, Shastri Nagar, Opp. Jainan Hall,
L.B.S. Marg, Bhandup (W), Mumbai - 400 078.
Mob.: 93245 59533 / 98676 34153

Worship Timings Every Sunday
8.30 am to 10.30 am - Malayalam & Hindi
10.30 am to 12.30 pm - Tamil & Hindi
5.30 pm to 7.30 pm - Hindi & English

# പ്രതീക്ഷ തകർക്കുന്ന തലമുറ

ജെ. പി. വെണ്ണിക്കുളം



എഞ്ചിനീയറിംഗ് പഠനത്തിനായാണ് സൂസൻ (പേര് യഥാർമല്ല) ബാംഗ്ലൂരിലേക്ക് പോയത്. എല്ലാവരോടും വളരെ വാചാലമായി സംസാരിക്കുന്ന സൂസന് സുഹൃത്തുക്കളെ ലഭിക്കാൻ അധികം സമയം വേണ്ടി വന്നില്ല. പഠനത്തിൽ മിടുക്കിയായ അവൾക്ക് മുന്നിൽ എല്ലാ വഴികളും തുറന്നു വന്നതിൽ സന്തോഷവതിയായിരുന്നു. നാട്ടിൽ ഒരു യോഗം പോലും മുടക്കുകയോ സണ്ടേസ്കൂളിൽ പോകാതെയോ ഇരുന്നിട്ടില്ല. നല്ല ആത്മീക ശിക്ഷണമുള്ള കുടുംബമായിരുന്നു സൂസന്റേത്.

സൂസന്റെ സുഹൃത്ത് ബന്ധത്തിൽ പെൺകുട്ടികളെക്കാൾ ഏറെ ആൺകുട്ടികളായിരുന്നു. എന്നാൽ അതിര് വിട്ട് ഒരിക്കലും ഇടപെട്ടിരുന്നില്ല. എഞ്ചിനീയറിംഗ് പഠനം തുടങ്ങി. താമസിക്കാൻ നല്ലൊരു മുറിയും അവൾക്ക് കിട്ടി. സന്തോഷിക്കാൻ കുറെ കൂട്ടുകാരും കൂടി. അങ്ങനെയിരിക്കെ ഒരു ദിവസം അവളുടെ ഫേസ്ബുക്കിലേക്ക് ഒരു റിക്വസ്റ്റ് വന്നു. കാണാൻ തരക്കേടില്ലാത്ത ഒരു യുവകോമളന്റെതായിരുന്നു അത്. അവൾ അത് അക്സപ്റ്റ് ചെയ്തു. ചാറ്റിംഗ് തുടങ്ങി. പിന്നീട് അവൾ അറിഞ്ഞു ഇതേ സ്ഥാപനത്തിലെ ഒരു അദ്ധ്യാപകനാണ് കക്ഷിയെന്ന്. ഏതായാലും നേരിൽ കാണാനും പരിചയപ്പെടാനും അവൾ മറന്നില്ല. അവർ ഒന്നിച്ചു യാത്രചെയ്യാനും ഭക്ഷണം കഴിക്കാനും തുടങ്ങി. ഇന്നലകളിലെ ചിട്ടവട്ടങ്ങളെ ഭേദിച്ച് സ്വാതന്ത്ര ലോകത്ത് അവൾ പറന്നു നടന്നു. ആ കൂട്ടുകെട്ട് താമസിയാതെ പ്രണയത്തിൽ എത്തിച്ചേർന്നു. പ്രണയം മൂത്തപ്പോൾ പഠനത്തിൽ നിന്നുള്ള ശ്രദ്ധ കുറയാൻ തുടങ്ങി. അദ്ധ്യാപകന്റെ നിർബന്ധ പ്രകാരം അവൾ ഹോസ്റ്റലിൽ നിന്നും താമസം മാറ്റി. അദ്ദേഹം താമസിക്കുന്ന സ്ഥലത്തിനടുത്ത് സുഹൃത്തുക്കൾ താമസിക്കുന്ന ഇടത്തേക്കു മാറി. ഇപ്പോൾ തമ്മിൽ കാണുവാനും സല്ലപിക്കുവാനും അവസരങ്ങൾ കൂടി. ബാച്ചിലർ ആയ അദ്ധ്യാപകൻ മിക്കപ്പോഴും അവൾ താമസിക്കുന്ന വീട്ടിലേക്ക് വരുമായിരുന്നു. എന്നാൽ അവളോടൊപ്പം താമസിക്കുന്ന കൂട്ടുകാർ ഇതിനൊന്നും എതിർ പറഞ്ഞതുമില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം, സൂസനെ അദ്ധ്യാപകൻ തന്റെ വീട്ടിലേക്ക് ക്ഷണിച്ചു. അസ്വാഭാവികമായി ഒന്നും തോന്നാഞ്ഞതു കൊണ്ടാകാം അവൾ ചെല്ലാമെന്ന് സമ്മതിച്ചു. അന്നൊരു അവധി ദിവസമായിരുന്നു. വിഭവസമൃദ്ധമായ ഭക്ഷണം ഒരുക്കി അദ്ധ്യാപകൻ കാത്തിരിക്കുകയായിരുന്നു. അവർ ഒന്നിച്ചിരുന്നു ഭക്ഷണം കഴിച്ചു. സമയം കടന്നുപോയത് അറിഞ്ഞില്ല. മദ്യപാനി കൂടിയായ അദ്ധ്യാപകന്റെ നിർബന്ധത്തിനു വഴങ്ങി അവൾ മറ്റൊന്നും ചിന്തിക്കാതെ അത് കുടിച്ചു.

ഉടൻ തന്നെ അവൾ ബോധരഹിതയായി. പിന്നീട് സംഭവിച്ചതൊന്നും അവൾക്ക് ഓർമ്മയില്ല. അന്ന് രാത്രി അവൾ അവിടെ ഉറങ്ങി. അദ്ധ്യാപകൻ താൻ ഉദ്ദേശിച്ചതൊക്കെയും സാധിച്ചെടുക്കുകയും ചെയ്തു.

ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൾക്ക് മനസ്സിലായി താൻ ഗർഭവതിയാണെന്ന്. തീർത്താൽ തീരാത്ത പകയാണ് സൂസൻ പിന്നീട് ഉണ്ടായത്. അധ്യാപകനെ അവൾ വെറുത്തു. തന്നെ നശിപ്പിച്ച ആ മനുഷ്യനെ പേടിച്ച് അവൾ കോഴ്സ് മതിയാക്കി നാട്ടിലേക്ക് വണ്ടി കയറി. ആരോടും ഒന്നും മിണ്ടാതെ നിറവയറുമായി ഇപ്പോൾ വീട്ടിലെ ഒരു മുറിക്കുള്ളിൽ കഴിയുകയാണ് അവൾ.

ഇത് അനേകം സംഭവങ്ങളിൽ ഒന്നുമാത്രം. ഇതുപോലെ എത്രയോ സംഭവങ്ങൾ മെട്രോ നഗരങ്ങളിൽ പതിവുള്ളതാണ്. ചാരിത്ര്യശുദ്ധി നഷ്ടപ്പെടുത്തി ജീവിക്കുന്ന ധാരാളം തലമുറകളുണ്ടിവിടെ. പണത്തിനുവേണ്ടി ശരീരം വിൽക്കാൻ പോലും മടിയില്ലാത്തവരുണ്ട്. ദൈവഭയമില്ലാത്ത തലമുറകളുടെ കൂട്ടത്തിൽ ഇവരും തകർന്നടിയുകയാണ്.

അച്ചടക്കത്തോടെ വളർന്നുവന്ന തലമുറകൾ കൂട്ടിൽ നിന്നും പുറത്തു വന്ന് പക്ഷിയുടെ അനുഭവത്തിൽ സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ എന്തു ചെയ്യണമെന്നറിയാതെ അമിത സന്തോഷത്തിനു അമരുകയാണ്. ഇവിടെ നിയന്ത്രിക്കാൻ ആരുമില്ല. പേരിനുവേണ്ടി മാത്രമല്ല വിളിക്കുന്ന മാതാപിതാക്കളോടുള്ള ബഹുമാനം അവർക്ക് നഷ്ടപ്പെട്ടു. അവർ അയച്ചു കൊടുക്കുന്ന പോക്കറ്റ് മണിയോടു മാത്രമാണ് ഇപ്പോൾ സ്നേഹം. പഠനത്തിൽ ശ്രദ്ധിച്ച് നല്ലൊരു ഭാവി കരസ്ഥമാക്കുന്നതിന് പകരം നല്ല കൗമാരം തകർത്തെറിയുകയാണ്. ഇവിടെ ആർക്കാണ് പാളിച്ച സംഭവിച്ചിരിക്കുന്നത്? വളർത്തി വലുതാക്കിയ മാതാപിതാക്കൾക്കോ പഠിപ്പിച്ചു മിടുക്കരാക്കിയ അദ്ധ്യാപകർക്കോ അതോ ആത്മീയ ശിക്ഷണം നൽകിയ സഭയ്ക്കോ? ചോദ്യം ചോദ്യമായി തന്നെ അവശേഷിക്കുമ്പോൾ ഉത്തരം കണ്ടെത്തേണ്ടത് ആരാണ് ?

ഉപദേശം ഇഷ്ടപ്പെടാത്ത തലമുറകളാണ് ഇന്നുള്ളത്. ഉപദേശിക്കുന്നവരെ അവർ വെറുക്കുന്നു. നന്മയുടെ പാഠങ്ങൾ പകർന്നു കൊടുത്തവരെ അവർ എന്നേ മറന്നു കഴിഞ്ഞു. വചനം വായിക്കാറേയില്ല. ആരാധനാ യോഗങ്ങളിൽ പോയെങ്കിലായി.

പ്രതീക്ഷയോടെ പഠനത്തിനായി അയയ്ക്കുന്ന മാതാപിതാക്കളെ ഒന്നോർക്കുക, നിങ്ങൾ പ്രതീക്ഷിക്കുന്നതല്ല നടക്കുന്നതെല്ലാം. നിങ്ങൾ സ്വപ്നത്തിൽ കാണാത്ത കാര്യങ്ങൾപോലും നടക്കുന്നുണ്ട്. തലമുറകളെ ഓർത്തു നിങ്ങൾ പ്രാർത്ഥിക്കാറുണ്ടോ? അവരെക്കുറിച്ച് അന്വേഷിക്കാൻ നിങ്ങൾക്ക് സമയമുണ്ടോ? എന്റെ കുട്ടി നല്ല കുട്ടിയാണ്, ഒരിക്കലും ചീത്തയാകില്ല എന്നും ചിന്തിച്ചിരിക്കുന്നാൽ ശരിയാകില്ല. റാഞ്ചൻപക്ഷി അവർക്കു ചുറ്റും ഉണ്ടെന്ന് ഓർക്കുക. ജാഗ്രത വേണം. അവർ ദൈവത്തിന് ഉള്ളവരാണ്, തകരേണ്ടവരല്ല.

●

# ജീവവഴി മിഷണറി പ്രവർത്തനങ്ങൾ

''അന്നാളിൽ പല ജാതികളും യഹോവയോടു ചേർന്നു എനിക്കു ജനമായി തീരും; ഞാൻ നിന്റെ മദ്ധ്യേ വസിക്കും'' (സെഖ. 2:11)

ജീവവഴി വായനക്കാർക്ക് നമ്മുടെ മിഷൻ ഫീൽഡിലേക്ക് സ്വാഗതം. കഴിഞ്ഞ നാളുകളിലുള്ള നിങ്ങളുടെ പ്രാർത്ഥനാ സഹായ സഹകരണങ്ങൾ പല രീതിയിലും ഞങ്ങൾക്കു കൈത്താങ്ങലായിരുന്നു. 2008-മുതൽ ഈ പ്രവർത്തനത്തിന്റെ ഭാഗമായി നടന്നു വരുന്ന രാജസ്ഥാനിലെ ആദിവാസി മേഖലയിലുള്ള പ്രവർത്തനത്തെ കഴിഞ്ഞ വർഷം വരെ ഭംഗിയായി നടത്തിക്കൊണ്ടു വരുവാൻ ഇടയായി. സാമൂഹ്യ സേവനമായി അവിടെയുള്ള സഹോദരിമാരെ തയ്യൽ പരിശീലിപ്പിക്കുവാൻ പരിശീലിപ്പിക്കുകയും തീരുമാനിക്കുകയും സൗജന്യ തയ്യൽ പരിശീലനം ആരംഭിക്കുകയും ചെയ്തു. 6 മാസം ദൈർഘ്യമുള്ള തയ്യൽ പരിശീലനത്തിൽ 6 ബാച്ചുകളിലായി 70 സഹോദരിമാർ പഠിക്കുകയും അവരിൽ അധികം പേർ യേശുവിങ്കലേക്കു വരുവാനുമിടയായി. കഴിഞ്ഞ വർഷം ആരംഭിച്ച കോവിഡ് മഹാമാരി മുഖാന്തരം 7-ാമത്തെ ബാച്ച് ആരംഭിക്കുന്നതിൽ തടസ്സമുണ്ടായി. എന്നാൽ തുടർന്ന് എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് അടുത്ത ബാച്ച് ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. സൗജന്യ തയ്യൽ പരിശീലനത്തിനായി കടന്നുവരുന്നവർ അനേകരാണ്. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയും സഹകരണവും അപേക്ഷിക്കുന്നു.

മഹാരാഷ്ട്രയിലെ താനെ, റായ്ഗഡ് ഡിസ്ട്രിക്റ്റിലുള്ള പ്രവർത്തനം അനുഗ്രഹമായി നടന്നു വരുന്നു. പാ. ദാനിയേൽ, പാ. രാജേഷ് എന്നിവർ യഥാക്രമം ഇവിടെ ശുശ്രൂഷിക്കുന്നു. ജാൽന എന്ന ജില്ലയിൽ പുതിയതായി പ്രവർത്തനം ഏറ്റെടുത്തു. പാ. മെൽവിൻ പവാർ അവിടെ ശുശ്രൂഷിക്കുന്നു. തമിഴ്നാട്ടിലെ വെല്ലൂർ ഡിസ്ട്രിക്റ്റിലുള്ള പ്രവർത്തനവും പാ. ജോൺസൻ സഖറിയയിലൂടെ അനുഗ്രഹമായി നടന്നുവരുന്നു.

## നമ്മുടെ ലക്ഷ്യം :

1. മഹാരാഷ്ട്രയിലെ 36 ജില്ലകളിലും കുറഞ്ഞപക്ഷം ഒരു ആലയമെങ്കിലുംസ്ഥാപിക്കുക.
2. അക്ഷരാഭ്യാസം ഇല്ലാത്ത മേഖലകൾ തെരഞ്ഞെടുത്ത് സ്കൂളുകൾ സ്ഥാപിക്കുക.
3. രാജസ്ഥാനിലുള്ള ആദിവാസി കേന്ദ്രങ്ങളിൽ നടന്നുവരുന്ന സാമൂഹ്യ സേവനം ശക്തിപ്പെടുത്തുക.
4. വിജയകരമായി പൂർത്തിയാക്കുന്നവരിൽ രണ്ടുപേർക്ക് തയ്യൽ

മെഷീൻ വിതരണം ചെയ്യുക.

5. ഓരോ ബാച്ചും കഴിയുമ്പോൾ അനേകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു മീറ്റിംഗ് നടത്തുക.

ഇതു കൂടാതെ മറ്റു പല കാര്യങ്ങളും ചെയ്യുവാൻ ആഗ്രഹിക്കുന്നു. ദൈവം ഈ പ്രവർത്തനത്തെ അനുഗ്രഹിക്കുവാനും വളർത്തുവാനും പല ജാതികളും യഹോവയോടു ചേരുവാനും ദൈവത്തിന്റെ ജനമായിത്തീരുവാനും ദൈവം അതിന്റെ മദ്ധ്യേ വസിക്കുവാനും ദൈവമക്കളുടെ പ്രാർത്ഥനാ സഹായ സഹകരണങ്ങൾ ചോദിക്കുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ. ●


# ഡെയ്‌ലി വേർഡ്

സുപ്രഭാതത്തിൽ വാട്സ്ആപ്പിലൂടെ കടന്നുവരുന്ന ദൈവീക സന്ദേശവും അനുഗ്രഹ പ്രാർത്ഥനയും (2 മിനിറ്റിനുള്ളിൽ) മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ.
താൽപര്യപ്പെടുന്നവർ ഈ നമ്പരിൽ ബന്ധപ്പെടുക.

093245 59533

ദി ലിവിംഗ്‌വേ മിനിസ്ട്രീസ്, മുംബൈ
പ്രസിദ്ധീകരിച്ചിരിക്കുന്നു !

ശ്രദ്ധേയരായ സ്ത്രീകൾ


By
ബിൻസി ലിവിംഗ്സ്റ്റൻ



വില 100 രൂപ മാത്രം



കുടുംബജീവിതം ആനന്ദകരമാക്കാം

ഉടൻ പ്രസിദ്ധീകരിക്കുന്നു

വിജയത്തിലേക്കുള്ള ചവിട്ടുപടികൾ

നിങ്ങളുടെ കോപ്പികൾ ഇന്നു തന്നെ ഉറപ്പാക്കുക!!

LIVING WAY LITERATURE SERVICE
1A/3, Sadanwadi, Opp. Police Station, Lake Road, Bhandup (W), Mumbai - 78.
Mob.: 93245 59533 / 98676 34153 • www.thelivingway.in

പ്രാർത്ഥനയ്ക്കായി ബന്ധപ്പെടുക
0 93245 59533 / 0 98676 34153

‘‘നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു

മുമ്പേ ഞാൻ നിന്നെ അറിഞ്ഞു;

നീ ഗർഭപാത്രത്തിൽ നിന്നു

പുറത്തു വന്നതിനു മുമ്പേ

ഞാൻ നിന്നെ വിശുദ്ധീകരിച്ചു,

ജാതികൾക്കു പ്രവാചകനായി

നിയമിച്ചിരിക്കുന്നു’’

(യിരമ്യാവ് 1:4–5)

www.thelivingway.in

Edited & Published by : Pr. LIVINGSTON ZECHARIAH,
on behalf of The Living Way Ministires, Mumbai - 400 078.